**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1630** **08-10-2021 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി നിയോജകമണ്ഡലത്തിലെ കപ്പത്തോട് നീർത്തട സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി, കോടശേരി, പരിയാരം എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന കപ്പത്തോട് നീർത്തട പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്; | (എ) | ചാലക്കുടി നിയോജകമണ്ഡലത്തിലെ കോടശ്ശേരി, പരിയാരം എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കപ്പത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 10 കോടി രൂപയുടെ ഭരണാനുമതി നബാർഡ് RIDF XXII-ൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. കപ്പത്തോട് റീച്ച് I, കപ്പത്തോട് റീച്ച് II, ബോക്സ് കൾവർട്ടറിന്റെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. ബോക്സ് കൾവർട്ടിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നമ്പ്യാർപ്പടി പാലം മുതൽ തോടിന്റെ 1350 മീറ്റർ നീളത്തിൽ ആഴം കൂട്ടുന്ന പ്രവൃത്തിയും ഇരു വശങ്ങളിലുമായി 2700 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് വഴിയിലുള്ള നടപ്പാലം മുതൽ 550മീറ്റർ നീളത്തിൽ ആഴം കൂട്ടലും ഇരുവശങ്ങളിലുമായി ഏകദേശം 800മീറ്റ പാർശ്വഭിത്തി നിർമ്മാണവും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ജൂൺ 2022-നുള്ളിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നതെന്ന് വിശദീകരിക്കുമോ? | (ബി) | കപ്പത്തോട് നീർത്തടപദ്ധതിയിൽ 2700മീറ്റർ നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി, ഇരു കരകളിലുമായി 5400 മീറ്റർ പാർശ്വഭിത്തി നിർമ്മാണം, നമ്പ്യാർപ്പടി പ്രദേശത്ത് രണ്ട് സ്പാനോടുകൂടിയ ബോക്സ് കൾവർട്ട് പാലം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ